# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3080** | **28.01.2014 ൽ മറുപടിക്ക്**

## നെല്ല് സംഭരണ കുടിശ്ശിക

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ: | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് നെല്ല് നൽകിയ വകയിൽ സംസ്ഥാനത്തെ കർഷകർക്ക് നൽകാനുള്ള കുടിശ്ശികത്തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നല്കാമോ; | (എ) കോട്ടയം ഒഴികെ മറ്റ് എല്ലാ ജില്ലകളിലേയും കർഷകർക്ക് നെല്ലിന്റെ വില സപ്ലൈകോ നൽകിക്കഴിഞ്ഞു. കോട്ടയം ജില്ലയിൽ കർഷകർ പേയ്മെന്റ് ഓഫീസുകളിൽ 21.01.2014 വരെ നൽകിയ എല്ലാ പാഡി റസീപ്റ്റ് ഷീറ്റ് (PRS) കളുടെയും വില നൽകിയിട്ടുണ്ട്. 2013-14 ഒന്നാം സീസണിലെ നെല്ല് സംഭരണം 10.01.2014-നാണ് അവസാനിച്ചത്. അതിനാൽ കോട്ടയം ജില്ലയിൽ കുറച്ച് PRSകൾ കൂടി കർഷകർ ഹാജരാക്കുവാനുണ്ട്. ഇത് ഹാജരാക്കുന്ന മുറയ്ക്ക് ആയതിന്റെ തുക താമസംവിനാ നൽകുന്നതാണ്. |
| (ബി) എത്ര നെല്ലാണ് സംസ്ഥാനത്താകെ 2013 ൽ കർഷകരിൽ നിന്നും സംഭരിച്ചത്; സംഭരിച്ച നെല്ലിന് എത്ര രൂപ വില വരും; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; | (ബി) 2013-14 ഒന്നാം സീസണിൽ നാളിതുവരെ 135581.059 മെ.ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ അനുവദിച്ച താങ്ങുവിലയായ 18/- രൂപ പ്രകാരം ഇതുവരെ സംഭരിച്ച നെല്ലിന്റെ വിലയായി 244.04 കോടി രൂപ വരും. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | അളവ് (മെ.ടൺ) | കർഷകർക്ക് നൽകിയ വില |
|---|---|---|
| തിരുവനന്തപുരം | 212.279 | 38,21,022.00 |
| കൊല്ലം | 40.261 | 7,24,698.00 |
| പത്തനംതിട്ട | 0 | 0 |
| കോട്ടയം | 13515.041 | 23,86,70,738.00 |
| ഇടുക്കി | 0 | 0 |

| | | |
|---|---|---|
| ആലപ്പുഴ | 34532.111 | 62,15,77,998.00 |
| എറണാകുളം | 210.578 | 37,90,404.00 |
| തൃശ്ശൂർ | 1026.252 | 1,84,72,536.00 |
| പാലക്കാട് | 85957.868 | 154,72,41,624.00 |
| മലപ്പുറം | 13.462 | 2,42,316.00 |
| കോഴിക്കോട് | 0 | 0 |
| വയനാട് | 0 | 0 |
| കണ്ണൂർ | 14.093 | 2,53,674.00 |
| കാസർഗോഡ് | 59.114 | 10,64,052.00 |
| | 135581.059 | 243,58,59,062.00 |

(സി) ഇപ്പോൾ കർഷകർക്ക് പണം കുടിശ്ശികയുള്ളത് എന്ന് നെല്ല് നൽകിയ വകയിലുള്ളതാണ്;

(സി) കോട്ടയം ജില്ലയിൽ PRS ഹാജരാക്കാത്ത ചില കർഷകർക്ക് 2014 ജനുവരി മാസത്തിൽ സംഭരിച്ച നെല്ലിന്റെ വില മാത്രമെ നൽകുവാനുള്ളു. കർഷകർ PRS ഹാജരാക്കുന്ന മുറയ്ക്ക് ആയതിന്റെ തുക താമസംവിന നൽകുന്നതാണ്.

(ഡി) സഹകരണ ബാങ്കിലെ അക്കൗണ്ടിൽ കർഷകർക്ക് പണം നൽകിയിരുന്നത് ദേശസാൽകൃതബാങ്ക് വഴിയാക്കിയിട്ടുണ്ടോ; ഇത് കർഷകർക്ക് ബുദ്ധിമുട്ടാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(ഡി) സഹകരണ ബാങ്കുകളിലെ അക്കൗണ്ടുകൾ വഴി കർഷകർക്ക് പണം നൽകിയിരുന്നത് ദേശസാൽകൃതബാങ്ക് വഴിയാക്കിയിട്ടില്ല. കർഷകരുടെ സഹകരണ ബാങ്കുകളിലെ അക്കൗണ്ടുകളിലേക്ക് സപ്ലൈകോ നേരിട്ട് പണം നൽകുകയാണ് ചെയ്യുന്നത്.

Beena

സെക്ഷൻ ഓഫീസർ

N